പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*277 — 21-08-2017-ലെ മറുപടിയ്ക്ക്

## കൃഷി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ. വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ. ആശ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പ് അടുത്ത ഒരു വർഷത്തിനുള്ളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | നടപ്പുസാമ്പത്തിക വർഷം കാർഷിക മേഖലയുടെ അഭിവൃദ്ധിയ്ക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**1. നെൽകൃഷി വികസനം**<br>**2. പ്രാദേശികപ്രാധാന്യമുള്ള വിളകളുടെ കൃഷി വികസനം**<br>**3. പച്ചക്കറി വികസനം**<br>**4. കിഴങ്ങുവർഗ്ഗങ്ങളുടേയും പയറുവർഗ്ഗങ്ങളുടേയും കൃഷി വികസനം**<br>**5. നാളീകേര വികസനം**<br>**6. സുഗന്ധവ്യഞ്ജന വികസനം**<br>**7. ഹൈടെക് അഗ്രിക്കൾച്ചർ**<br>**8. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം**<br>**9. മണ്ണിന്റേയും സസ്യവേരുകളുടേയും ആരോഗ്യപരിപാലന പദ്ധതി**<br>**10. വിള ആരോഗ്യ പരിപാലന പദ്ധതി**<br>**11. ജൈവകൃഷിയും ഉത്തമ കാർഷിക മുറകളും**<br>**12. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും**<br>**13. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ**<br>**14. കാർഷിക സേവനകേന്ദ്രങ്ങളും സേവന സംവിധാനവും**<br>**15. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി**<br>**16. നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ** |

**സംരക്ഷണവും പ്രോത്സാഹനവും**

17. **കാർഷിക ഉത്പന്നങ്ങളുടെ വിപണി വികസനം ശക്തിപ്പെടുത്തൽ**
18. **കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള പദ്ധതി**
19. **വയനാട് പാക്കേജ് പദ്ധതി**
20. **പ്രത്യേക കാർഷിക മേഖല**

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

| | |
|---|---|
| **(ബി)** കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾ മറുനാട്ടിലുള്ള മലയാളികൾക്ക് കൂടി ലഭ്യമാകുന്ന തരത്തിൽ അന്യസംസ്ഥാനങ്ങളിൽ വിപണനശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **(ബി)** കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ മറുനാട്ടിലെ മലയാളികൾക്ക് ലഭ്യമാക്കുന്നതിനായി ഡൽഹി. ബോംബെ, ചെന്നൈ, കൊൽക്കത്ത തുടങ്ങിയ സ്ഥലങ്ങളിൽ വിപണനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| **(സി)** ചെറുകിട കർഷകർക്ക് നെല്ല് കുത്തി ഉപയോഗിക്കുന്നതിനും ചെറുകിട വിപണനത്തിനും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **(സി)** നടപടി സ്വീകരിക്കുന്നതാണ്. നടപ്പുസാമ്പത്തിക വർഷത്തെ നെൽകൃഷി വികസന പദ്ധതി പ്രകാരം നെല്ലിന്റെ സംസ്കരണത്തിനും പാക്കിംഗിനും ബ്രാൻഡ് നാമത്തിലുള്ള വിപണനത്തിനുമായി പ്രാദേശികമായി മിനിറൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. ഇതിനായി ബഡ്ജറ്റിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉദ്ദേശം 1.00 ലക്ഷം രൂപ ചെലവുവരുന്ന 15 മിനിറൈസ് മില്ലുകൾ കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളിലും അനുയോജ്യമായ സ്ഥലത്ത് സ്ഥാപിക്കുന്നതാണ്.<br>കൂടാതെ ഗ്രാമപ്രദേശങ്ങളിൽ ശരാശരി 5 ലക്ഷം രൂപ ചെലവ് വരുന്ന 57 ചെറുകിട റൈസ് മില്ലുകൾ സ്ഥാപിക്കുന്നതാണ്.<br>സഹകരണ സ്ഥാപനങ്ങൾ, പാടശേഖര സമിതികൾ. മറ്റ് രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾ. പാടശേഖര സമിതികൾ ശുപാർശ ചെയ്യുന്ന വ്യക്തിഗത സംരംഭകർ എന്നിവരാണ് പദ്ധതിയുടെ അർഹരായ ഗുണഭോക്താക്കൾ.<br>ഈ പദ്ധതി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| **(ഡി)** കേരഫെഡ് ഉല്പന്നമായ 'കേര' വെളിച്ചെണ്ണ കൂടുതൽ ജനകീയമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | **(ഡി)** കൺസ്യൂമർ ഫെഡ് വഴിയും സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴിയും സഹകരണ സംഘങ്ങൾ വഴിയും കേര ഉത്പന്നങ്ങൾ ജനങ്ങളിലേക്ക് സുലഭമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## 1. നെൽകൃഷി വികസനം:-

സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തീർണ്ണവും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തരിശുനിലകൃഷിയ്ക്കും ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽനല്കി നെൽകൃഷിവികസന പദ്ധതി നടപ്പിലാക്കുന്നു. സുസ്ഥിര നെൽകൃഷി വികസനം, നെൽകൃഷിവികസന ഏജൻസികളുടെ ശാക്തീകരണം, സവിശേഷ നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹനം, ഗ്രൂപ്പ്ഫാമിങ്ങിനായി പാടശേഖരസമിതികൾക്ക് പ്രവർത്തന ധനസഹായം, കരനെൽകൃഷി പ്രോത്സാഹനം. തരിശുനെൽകൃഷി പ്രോത്സാഹനം, ഒരുപ്പൂ നിലങ്ങളിൽ ഇരിപ്പൂ കൃഷിയാക്കുന്നതിനുള്ള ധനസഹായം, നെല്ലിന്റെ പ്രാദേശിക സംസ്കരണത്തിനായി മിനിറൈസ് മില്ലുകൾ. ഓരോ പ്രദേശത്തിനും അനുയോജ്യമായ സർട്ടിഫൈഡ് നെൽവിത്തുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള രജിസ്റ്റേഡ് സീഡ്ഗ്രോവേഴ്സ് പ്രോഗ്രാം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഈ പദ്ധതിയ്ക്കായി 70 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

## 2. പ്രാദേശികപ്രാധാന്യമുള്ള വിളകളുടെ കൃഷി വികസനം:-

ചെറുധാന്യങ്ങൾ, കരിമ്പ്, എണ്ണക്കുരുക്കളായ കപ്പലണ്ടി മുതലായവ സാദ്ധ്യതാ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പരമ്പരാഗത ഇനങ്ങളും, കൃഷിരീതികളും സംരക്ഷിക്കുന്നതിനും അട്ടപ്പാടിയിൽ ആദിവാസി കൃഷി രീതികൾ പരിപാലിക്കുന്നതിന് ആവശ്യമായ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3 കോടി 30 ലക്ഷം രൂപയാണ് ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്.

## 3. പച്ചക്കറി വികസനം:-

നമ്മുടെ സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ആഭ്യന്തരമായി ഉല്പാദിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, പുരയിട പച്ചക്കറി കൃഷി പ്രോത്സാഹനം, ക്ലസ്റ്ററുകൾ വഴി പച്ചക്കറി വ്യാപനം, സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി, നഗരപ്രദേശങ്ങളിലും ഗ്രാമങ്ങളിലും പച്ചക്കറി ക്ലസ്റ്ററുകളുടെ പ്രോത്സാഹനവും മാലിന്യ നിർമ്മാർജ്ജനവും, വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും ലഭ്യത ഉറപ്പാക്കൽ, പ്രാദേശിക നഴ്സറികൾ ആരംഭിക്കൽ, വർഷത്തുടനീളം പച്ചക്കറി കൃഷി ചെയ്യുന്നതിനായി മഴ ഷെൽട്ടറുകളുടെ നിർമ്മാണം, പച്ചക്കറി കൃഷിയ്ക്കായി മിനിപോളിഹൗസുകൾ. പച്ചക്കറി ഉല്പാദക കമ്പനികളുടെ സ്ഥാപനം, ജൈവനിയന്ത്രണോപാധികളും, ഓൺ ഫാം പ്രൊഡക്ഷൻ, സൂക്ഷ്മമൂലകങ്ങൾ ഉൾപ്പെടെ മണ്ണ് പരിപോഷക വസ്തുക്കളുടെ പ്രയോഗം. വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി കൃഷി പ്രോത്സാഹനം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഈ പദ്ധതിയ്ക്കായി 85 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

## 4. കിഴങ്ങുവർഗ്ഗങ്ങളുടേയും പയറുവർഗ്ഗങ്ങളുടേയും കൃഷി വികസനം:-

കിഴങ്ങുവർഗ്ഗ വിളകളുടെ വിസ്തൃതിവ്യാപനവും പയർവർഗ്ഗങ്ങൾ മൂന്നാംവിളയായി പാടശേഖരങ്ങളിലും പുരയിടങ്ങളിലും കൃഷി ചെയ്യുകയും വഴി ഈ വിളകളെ ഭക്ഷ്യസുരക്ഷയുടെ

ഭാഗമാക്കുകയും കർഷകന് അധികവരുമാനം നേടിക്കൊടുക്കുകയുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. രണ്ടുകോടി രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

## 5. നാളികേര വികസനം:-

തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത പരിപാലനത്തിനായി ഇടവിളകൃഷി, സമ്മിശ്രകൃഷി എന്നിവ നടപ്പിലാക്കി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സംയോജിത വളപ്രയോഗം, കീടരോഗനിയന്ത്രണം, ജൈവവളപ്രയോഗം, വിളവെടുപ്പ് യന്ത്രങ്ങൾ, നഴ്സറികൾ, ജലസേചനസൗകര്യങ്ങൾ, ഉയർന്ന ഉല്പാദനക്ഷമതയുള്ള കുറിയ/സങ്കര ഇനം തെങ്ങുകളുടെ വ്യാപനം, മേൽത്തരം നടീൽവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ. എന്നിവയാണ് ഈ പദ്ധതിയുടെ സുപ്രധാന ഘടകങ്ങൾ. ഈ പദ്ധതിയ്ക്കായി 45 കോടി രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

## 6. സുഗന്ധവ്യഞ്ജന വികസനം:-

കുരുമുളക് കൃഷി വികസന പദ്ധതിയിൽ വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ, പുതിയ കുരുമുളക് തോട്ടങ്ങൾ നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇടുക്കി ജില്ലയിൽ സമഗ്ര കുരുമുളക് കൃഷി വികസനം എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ സുഗന്ധവിളകളുടെ ഇടവിളകൃഷിയും വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## 7. ഹൈടെക് അഗ്രിക്കൾച്ചർ:-

കാർഷിക മേഖലയിൽ ചെലവ്കുറഞ്ഞ പോളിഹൗസ് സാങ്കേതിക വിദ്യ വ്യാപിപ്പിക്കുന്നതിനും, പുതിയ പോളിഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള സഹായവും നിലവിലുള്ള പോളിഹൗസുകളുടെ പുനരുജ്ജീവനവുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 1 കോടി രൂപ ഈ പദ്ധതിയ്ക്കായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

## 8. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം:-

2017-18 ൽ ആരംഭിക്കുന്ന പദ്ധതിയാണിത്. വാഴപ്പഴത്തിനായി ഒരു പ്രത്യേക കാർഷിക മേഖല തൃശ്ശൂർ ജില്ലയിൽ വികസിപ്പിച്ചെടുക്കുന്നതാണ്.

ഓർക്കിഡ്, ആന്തൂറിയം, മേരിഗോൾഡ്, ഹെലിക്കോണിയ, കുറ്റിമുല്ല, ജർബറ തുടങ്ങിയ പൂക്കളുടെ വികസനത്തിനായി ഇടുക്കി, വയനാട് മറ്റനുയോജ്യ ജില്ലകളിൽ പ്രത്യേക കാർഷിക മേഖല സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.

ഔഷധസസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി തൃശ്ശൂർ, മലപ്പുറം, വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ നടപ്പാക്കുന്നതാണ്. ഈ പദ്ധതിയ്ക്കായി 675 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 9. മണ്ണിന്റേയും സസ്യവേരുകളുടേയും ആരോഗ്യപരിപാലന പദ്ധതി:-

കേരളത്തിലെ മണ്ണിന്റെ പോഷകമൂല്യം തിട്ടപ്പെടുത്തി പോഷകമൂലകങ്ങളുടെ കുറവ് പരിഹരിച്ച് മണ്ണിന്റെ ആരോഗ്യം വീണ്ടെടുത്ത് വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എല്ലാ പഞ്ചായത്തുകളിലും മണ്ണ് പരിശോധനാ സേവനം ലഭ്യമാക്കുന്നതാണ്. ഇതിനായി മണ്ണ് പരിശോധനയുടെ പ്രാധാന്യം കർഷകർക്ക് മനസ്സിലാക്കുന്നതിനുള്ള ശില്പശാലകൾ, മണ്ണ് പരിശോധന നടത്തി സോയിൽ ഹെൽത്ത് കാർഡ് വിതരണം, മണ്ണിന്റെ അമ്ലത പരിഹരിക്കുന്നതിന് കുമ്മായ വസ്തുക്കളുടെ വിതരണം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഈ പദ്ധതിക്കായി 27 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

## 10. വിള ആരോഗ്യ പരിപാലന പദ്ധതി:-

സംയോജിത കീടരോഗ പരിപാലനത്തിലൂടെ വിള ആരോഗ്യം പരിപാലിക്കുക. കീടനിരീക്ഷണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രകൃതി സൗഹൃദമായ സസ്യസംരക്ഷണ പ്രവർത്തനങ്ങളിൽ കൂടി സുസ്ഥിര ജൈവ വ്യവസ്ഥയും ജനങ്ങളുടെ ആരോഗ്യവും സംരക്ഷിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കീടരോഗ നിരീക്ഷണ സംവിധാനങ്ങളും ഉപദേശക സംവിധാനങ്ങളും നടപ്പിലാക്കുക. കർഷകർക്കാവശ്യമായ ജൈവകീടരോഗ നിയന്ത്രണോപാധികൾ ലഭ്യമാക്കുക, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനം, കൃഷിസ്ഥലത്തെ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് ജൈവമാർഗ്ഗങ്ങൾ അവലംബിക്കുക, കർഷകർക്ക് സംയോജിത കീടരോഗനിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകങ്ങൾ. 1764 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്.

## 11. ജൈവകൃഷിയും ഉത്തമ കാർഷിക മുറകളും:-

ജനങ്ങളുടെ ആരോഗ്യ സുരക്ഷയ്ക്ക് ജൈവകൃഷിയുടെയും ഉത്തമകാർഷിക മുറകളുടേയും പ്രോത്സാഹനം വളരെ അത്യന്താപേക്ഷിതമാണ്. ജൈവ ക്ലസ്റ്ററുകൾ വഴി ജൈവകൃഷി വ്യാപനം, ജൈവവളങ്ങൾ തയ്യാറാക്കുന്നതിനുള്ള മാതൃകായൂണിറ്റ് സ്ഥാപിക്കൽ, ഇക്കോഷോപ്പുകൾക്കുള്ള സഹായം എന്നിവയും, കുട്ടനാട് പ്രദേശത്ത് ഉത്തമ കൃഷി മുറകൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി. കേരള കാർഷിക സർവ്വകലാശാല മുഖേന കാർഷികോല്പന്നങ്ങളിലെ കീടനാശിനി അവശിഷ്ടവിഷവീര്യത്തിന്റെ പരിശോധന, ഉല്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഈ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

## 12. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും:-

കാർഷിക രംഗത്തെ അത്യന്താപേക്ഷിതവും അടിസ്ഥാനപരമായ ആവശ്യകതയാണ് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ തുടങ്ങിയവയുടെ ലഭ്യത. ഇത് ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളുടേയും ടിഷ്യൂ കൾച്ചർ ലാബുകളുടേയും ഉല്പാദനശേഷി വർദ്ധിപ്പിക്കേണ്ടതാണ്. വിവിധ വിളകളുടെ നടീൽ വസ്തുക്കളുടെ ഉല്പാദനം, മേൽത്തരം തെങ്ങിൻതൈകളുടെ ഉല്പാദനം, ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയും ഈ

പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 21 കോടി രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

## 13. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ:-

കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിന് ശാസ്ത്രീയമായ കൃഷി രീതികൾ കൃഷിയിടങ്ങളിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. ഇതിന് കാർഷിക വിജ്ഞാന വ്യാപനം അനിവാര്യമാണ്. കർഷകരെ ശാസ്ത്രസാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കാർഷിക വികസനം ഉറപ്പുവരുത്തുന്നതിന് സഹായിക്കുക, ഇതിനായി ബോധവൽക്കരണ പരിപാടികൾ, പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കുക, സംയോജിത കൃഷി സമ്പ്രദായ മോഡലുകൾ സ്ഥാപിക്കുക, സൈബർ എക്സ്റ്റൻഷൻ കാർഷിക മേഖലയിൽ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തുക, കർഷക അവാർഡുകളുടെ വിതരണം എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 43 കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

## 14. കാർഷിക സേവനകേന്ദ്രങ്ങളും സേവന സംവിധാനവും:-

കാർഷിക യന്ത്രവൽക്കരണം, ആത്മ അടിസ്ഥാനത്തിൽ വായ്പാ സഹായം. മണ്ണ് പരിശോധന, മറ്റ് സാങ്കേതിക സഹായങ്ങൾ നല്കുന്നതടക്കമുള്ള സേവനങ്ങളെ സംയോജിപ്പിച്ച് നല്കുന്നതിനുവേണ്ടിയാണ് ബ്ലോക്ക്തലത്തിൽ കാർഷിക സേവനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. മുൻവർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കാർഷിക സേവന കേന്ദ്രങ്ങളുടെ ശാക്തീകരണം, പുതിയ കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന കാർഷിക സേവന കേന്ദ്രങ്ങളിൽ മണ്ണ് പരിശോധനാ ലാബുകൾ, ബയോ ഫാർമസി എന്നിവ സ്ഥാപിക്കൽ, കൃഷി ഭവൻ അടിസ്ഥാനത്തിലുള്ള കാർഷിക കർമ്മസേനയ്ക്കുള്ള സഹായം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് അഗ്രോ മെഷിനറി സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുക, അഗ്രോ സർവ്വീസ് സെന്ററുകളുടെയും കാർഷിക കർമ്മ സേനകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് അപ്പെക്സ് ബോഡി സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. ഈ പദ്ധതിക്കായി 32.00 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## 15. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി:-

പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തെ നേരിടുന്നതിന് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കേരളത്തിലെ പ്രധാനപ്പെട്ട 25 വിളകളേയും ഉൾപ്പെടുത്തി പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി സ.ഉ.(എം.എസ്)നം.37/2017/കൃഷി തീയതി 22.03.2017 പ്രകാരം നടപ്പിലാക്കി വരുന്നു. പ്രീമിയത്തിൽ നേരിയ തോതിലുള്ള വർദ്ധനവ് വരുത്തി നഷ്ടപരിഹാര തുകയിൽ ഗണ്യമായ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്.

## 16) നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും:-

നെല്ല്, ചെറുധാന്യങ്ങൾ ഉൾപ്പെടെ വിവിധ വിളകളുടെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും പ്രത്യേകിച്ചും ആദിവാസി മേഖലയിലുള്ളത് സംരക്ഷിക്കുന്നതിനായി ഇത്തരം

ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിത്തുൽപാദനം വർദ്ധിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിനായി പട്ടികവർഗ്ഗക്കാർ, കർഷക ക്ലസ്റ്ററുകൾ, എൻ.ജി.ഒ.കൾ, മറ്റ് സംഘടനകൾ എന്നിവയ്ക്ക് ധനസഹായം നൽകുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ വിളകളുടെ പരമ്പരാഗത ഇനങ്ങളുടെയും മറ്റ് ഇനങ്ങളുടെയും സംരക്ഷണത്തിനായി 'ആധുനിക സീഡ്ബാങ്ക്' സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. 2.5 കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്.

## 17) കാർഷിക ഉത്പന്നങ്ങളുടെ വിപണി വികസനം ശക്തിപ്പെടുത്തൽ:-

കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ ഇടത്തട്ടുകാരെ ഒഴിവാക്കി നേരിട്ട് വിപണനം നടത്തുന്നതിനും അതുവഴി ന്യായവില ലഭിക്കുന്നതിനും സഹായിക്കുക, ബ്ലോക്ക് ജില്ലാതല വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം, വി എഫ് പി സി കെ മുഖേനയുള്ള പഴം, പച്ചക്കറി വിപണി പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. കൂടാതെ തെരഞ്ഞെടുത്ത കാർഷിക ഉല്പന്നങ്ങളുടെ വിലസ്ഥിരത ഉണ്ടാക്കുന്നതിനും കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനും വേണ്ടി വിളവെടുപ്പ് കാലങ്ങളിലും ഉത്സവകാലങ്ങളിലും കൃഷി വകുപ്പിന്റെ കീഴിലുള്ള ഹോർട്ടികോർപ്പ് പോലുള്ള നിയുക്ത ഏജൻസികൾ വഴി പഴം, പച്ചക്കറികളുടെ സംഭരണ നടപടികളിലൂടെ വിപണിയിൽ ഇടപെടൽ നടത്തുന്നതിനുള്ള വിലസ്ഥിരതാ ഫണ്ടും ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 40 കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്.

## 18) കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള പദ്ധതി:-

കർഷകരുടെ വരുമാന വർദ്ധനവിനും, കൂടാതെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനും വളരെ പ്രയോജനപ്രദമായതാണ് കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവ്.

മൂല്യവർദ്ധനവിന്റെ ഭാഗമായി കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ വിവിധ ജില്ലകളിലായി 15 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതാണ്. തേൻ ഉത്പാദനത്തിനും നീര സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കുന്നതിനും മൂല്യവർദ്ധനവിനുള്ള നൂതന സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള പരിശീലന പരിപാടികൾ എന്നിവയും ഈ പദ്ധതിയിലുള്ള മൂല്യവർദ്ധനവ് യൂണിറ്റുകൾക്കുള്ള സഹായം, പുതിയ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കൽ, ഗവേഷണ സ്ഥാപനങ്ങൾക്ക് സാങ്കേതിക വിദ്യ സ്വീകരണം ചെയ്യപ്പെടുക്കുന്നതിനുള്ള ധനസഹായം, സംരംഭകർക്ക് സാങ്കേതിക വികസനത്തിനുള്ള സഹായം, അഗ്രോ ബിസിനസ് കമ്പനി സ്ഥാപനം എന്നീ ഘടകങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 27 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

## 19) വയനാട് പാക്കേജ് പദ്ധതി:-

സംസ്ഥാനത്തെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള ജില്ലകളിലൊന്നായ വയനാടിന്റെ കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവ്വേകുവാനും അതുവഴി കർഷകരുടെ സാമ്പത്തിക സാമൂഹിക ഉന്നമനം ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക പദ്ധതിയാണിത്. സമഗ്ര കുരുമുളക് വികസനം, മണ്ണിന്റെ പരിപോഷണം, ജലവിഭവങ്ങളുടെ വികസനം, പ്രാദേശിക സവിശേഷതയുള്ള വിളകളുടെ വികസനം, ജീരകശാല, ഗന്ധകശാല തുടങ്ങിയ സുഗന്ധ നെല്ലിനങ്ങളുടെ

പ്രോത്സാഹനം, വിപണനം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഈ പദ്ധതിക്കായി 19 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## 20) പ്രത്യേക കാർഷിക മേഖല (SAZ):-

പ്രത്യേക കാർഷിക മേഖല (SAZ) എന്ന ആശയം പ്രത്യേക വിളകളുടെ കൃഷിക്ക് അനുയോജ്യമായ മേഖലകൾ കണ്ടെത്തി അവിടെ സംയോജിതവും സമഗ്രവുമായ വികസനം സാദ്ധ്യമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഓരോ പ്രത്യേക കാർഷിക മേഖലയിലും വിത്തു മുതൽ വിപണി വരെയുള്ള എല്ലാ സജ്ജീകരണങ്ങളും ലഭ്യമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നങ്ങളുടെ മെച്ചപ്പെട്ട വികസനത്തിലൂടെ പരമാവധി വരുമാനം കർഷകർക്ക് ലഭ്യമാക്കുകയും കാർഷിക മേഖല ആദായകരമാക്കുകയുമാണ് ഉദ്ദേശിക്കുന്നത്. താഴെപ്പറയുന്ന വിളകൾക്ക് പ്രത്യേക കാർഷിക മേഖലകൾ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

1) നെല്ല് - കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്.
2) പച്ചക്കറി-ദേവികുളം,കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, കൊല്ലംകോട്
3) വാഴ-തൃശ്ശൂർ
4) പൂക്കൾ-വയനാട്
5) നാളികേരം-കോഴിക്കോട്
6) ആദിവാസി കൃഷി (ചെറുധാന്യങ്ങൾ) അട്ടപ്പാടി, പാലക്കാട്

പ്രത്യേക കാർഷിക മേഖലയിലെ വിളവികസന പരിപാടികളും മൂല്യവർദ്ധനവ് പരിപാടികളും നിലവിലുള്ള വിവിധ പദ്ധതികൾ മുഖേന നടപ്പിലാക്കുന്നതാണ്. ഇതിനായി സംസ്ഥാന പ്ലാൻ ഫണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള സഹായവും പ്രയോജനപ്പെടുത്തുന്നതാണ്. ഇതിനുപരിയായി ആവശ്യമായി വരുന്ന അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് അടിയന്തിര ഇടപെടലുകൾക്കുമായി പ്രോജക്ട് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

സെക്ഷൻ ഓഫീസർ